

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 07 No. 28 | THE ONLINE OFFICIAL NEWS BULLETIN | 2024 June 20

SEASON OF PENTECOST പെന്തിക്കോസ്തികാലം

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
5th Sunday after Pentecost ♪4 23	 Birth of St. John the Baptist ♪8 24	♪4 25	♪8 26	 Comme. of St. Cyril of Alexandria ♪4 27	♪8 28	 ✝Feast of St. Peter and St. Paul ♪5 29



എ. ഐ. സി. സി. ജനറൽ സെക്രട്ടറിയും ആലപ്പുഴ എം.പി. യുമായ കെ. സി. വേണുഗോപാൽ പരിശുദ്ധ കാതോലിക്കാ ബാവായെ സന്ദർശിച്ചു. അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ സമീപം.



ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥിച്ചു

കോട്ടയം: ലോകത്തെ മുഴുവൻ നടുക്കിയ കുവൈറ്റിലെ മങ്കഫിൽ ഉണ്ടായ തീപിടുത്തത്തിൽ മരണമടഞ്ഞ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അംഗങ്ങളായ നിരണം ഭദ്രാസനത്തിലെ മേപ്രാൽ ചിറയിൽ മരോട്ടിമൂട്ടിൽ ജോബിയുടെയും ചെങ്ങന്നൂർ ഭദ്രാസനത്തിലെ യോർദാൻപുരം മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമായ മാത്യു തോമസിന്റെയും ഭവനങ്ങളിൽ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത സന്ദർശിച്ച് പ്രാർത്ഥനകൾ നടത്തി. സമാനതകളില്ലാത്ത ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആത്മാക്കൾക്ക് മെത്രാപ്പോലീത്താ നിത്യശാന്തി നേർന്നു. ഓർത്തഡോക്സ് സഭയുടെയും കുന്നംകുളം ഭദ്രാസനത്തിന്റെയും യുവജന പ്രസ്ഥാനത്തിന്റെയും, നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ഇൻ ഇന്ത്യയുടെയും അനുശോചനങ്ങൾ കുടുംബാംഗങ്ങളെ അറിയിച്ചു.

യുവജനപ്രസ്ഥാനം കേന്ദ്ര ജനറൽ സെക്രട്ടറി ഫാ. വിജു ഏലിയാസ്, ഫാ. കെ. സി. സ്കറിയ, അബു അബ്രഹാം വീരപ്പള്ളി, യുവജനപ്രസ്ഥാനം കേന്ദ്ര ട്രഷറർ പേൾ കണ്ണേത്ത്, റോബിൻ ജോ വർഗീസ്, മനു തമ്പാൻ എന്നിവർ സന്നിഹിതരായിരുന്നു.



പത്തനംതിട്ട പ്രകാശ ധാര സ്കൂൾ രജത ജൂബിലി ഉദ്ഘാടനം കുറിയാക്കോസ് മാർ ക്ലിമ്മീസ് നിർവഹിച്ചു. എബ്രഹാം മാർ സെറാഫിം സമീപം.



തിരുവല്ല എം.ജി.എം. എൽ.പി. സ്കൂളിന്റെ നവീകരിച്ച കെട്ടിട കൂദാശ കാതോലിക്കേറ്റ് & എം.ഡി. സ്കൂൾസ് കോർപ്പറേറ്റ് മാനേജർ അഭിവന്ദ്യ ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് നിർവഹിച്ചു.



എത്യോപ്യൻ ഓർത്തഡോക്സ് സഭയിലെ വിദ്യാർത്ഥി സംഘത്തെ പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് സ്വീകരിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

എഴുത്തുകളുടെ നമ്പർ ബുക്ക്

 പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ

1919-നു കൊല്ലം 1095-ാമാണ്ടു വൃശ്ചികം 5-നു മുതലുള്ള ഡയറി ബുക്ക്

128. ചെറുവത്തൂർ യാക്കോബു കത്തനാർക്കു. വർത്തമാനങ്ങൾക്കു. ടി സ്ഥലം.

129. പുന്നവേലി പള്ളിക്കാർക്കു. തന്നാണ്ടു മുതൽക്കെട്ടുകാരനായി കിഴക്കേക്കറുഞ്ചിറ വർഗീസു ചാക്കോയെ നിയമിച്ചിരിക്കുന്നു എന്നും മറ്റും. ടി തീയതി. ടി സ്ഥലം.

130. അമയന്നൂർ പള്ളിക്കാർക്കു. വികാരിയുടെ ശമ്പളക്കുടിശ്ശിഖ പള്ളി ... മുതലായതിനെ സംബന്ധിച്ചു ആലോചിക്കുന്നതിനായും മറ്റും ഈ മാസം 15 -നു ഇവിടെ എത്തണമെന്നും വേണ്ടിവന്നാൽ അവിടെ എത്താമെന്നും മറ്റും. 1919-നു 1095 ധനു 12-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

131. മാന്യന്മാരുടെ സഹായത്തിനായി എണ്ണച്ചേരിൽ ഉലഹന്നാൻ ചാക്കോയിക്കു ഒരു സാക്ഷ്യപത്രം.

12-നു ശനിയാഴ്ച മാനേജിംഗ് കമ്മട്ടി കൂടി.

132. ചാക്കോ സൂപ്രണ്ടിനു. കാർത്തികപ്പള്ളി സ്കൂൾ ...

134. കാർത്തികപ്പള്ളി പള്ളിക്കാർക്കു. തന്നാണ്ടു മുതൽകെട്ടു ചാലിൽ കൊച്ചിട്ടിചാണ്ടിയെ ... ടി തീയതി. ടി സ്ഥലം.

16-നു ബുധനാഴ്ച ഉച്ചകഴിഞ്ഞു വണ്ടി വഴി പുറപ്പെട്ടു പുതുപ്പള്ളിയിൽ എത്തി ഒറ്റപ്ലാക്കൽ മാത്തുച്ചനു അന്ത്യകൂദാശ കഴിച്ചു തിരികെ എത്തി.

136. കിഴക്കേത്തലയ്ക്കൽ തോമ്മാസു കത്തനാർക്കു. പുത്തൻകാവു പള്ളി വക പ്രോമിസറി നോട്ടു കൈവശമുണ്ടായിരുന്നതു അയയ്ക്കുന്നുയെന്നും മറ്റും. 1919-നു 1095 ധനു 17-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

136. പറമ്പിൽ ഉമ്മൻ വാദ്ധ്യാർക്കു. ടിയാന്റെ അപ്പന്റെ മരണത്തിൽ അനുശോചിച്ചു. ടി തീയതി. ടി സ്ഥലം.

137. തയ്യിൽ കുഞ്ഞിനു. നിലയ്ക്കൽ സ്ഥലത്തെ സംബന്ധിച്ചുള്ള ഉത്തരവിനു മറുപടി എഴുതി അയച്ചുതരണമെന്നും മറ്റും. 1920-നു 1095 ധനു 17-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

138. കൊച്ചുപറമ്പിൽ സ്കറിയാ കത്തനാർക്കു. കൈക്കാരന്മാർ തമ്മിലുള്ള കേസിനെ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

139. എം. മാത്യു വക്കീലിനു. സത്യവാങ്മൂലം അയയ്ക്കുന്നു എന്നും മറ്റും. ടി തീയതി. ടി സ്ഥലം.

140. സി. റ്റി. വറുഗീസിനു. കുയ്യപ്പാറ കത്തനാരുടെ സുഖക്കേടു സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

141. കെ. റ്റി. മാത്യുവിനു. വർത്തമാനങ്ങൾക്കും മറ്റും. 1920-നു 1095 ധനു 17 -നു കോട്ടയം സിമ്മനാരി.

142. ഡോ. ബാവായ്ക്കു. കെ. റ്റി. മാത്യുവിനെ സംബന്ധിച്ചു ഒരു പരിചയപ്പെടുത്തൽ കത്ത്. ടി തീയതി. ടി സ്ഥലം.

143. കൊച്ചി ക്രിസ്ത്യൻ അവകാശ ബിൽ കമ്മട്ടി സെക്രട്ടറിക്കു. ബില്ലിനെ സംബന്ധിച്ചു വേണ്ടതെന്തും തരുന്നതിനു പുനമടത്തു മത്തായി നൈനാൻ, കളരിക്കൽ സ്കറിയാ കത്തനാർ, തെക്കേക്കര കുറിയാക്കോസ് കത്തനാർ ഇവരോടു ചോദിക്കുന്നതു നല്ലതാണെന്നും മറ്റും. 1920-നു 1095 ധനു 18-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

144. ജോൺ ശെമ്മാച്ചനു. എം. ഡി. സിമ്മനാരിയിലെ പഠിത്തത്തെ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.



145. വെപ്പിണ കിഴക്കേതിൽ ഗീവറുഗീസിനു. അറപ്പുരയിൽ കത്തനാരുടെ പ്രവൃത്തിയെ സംബന്ധിച്ചു ചോദിച്ചിട്ടുണ്ടെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

146. ഇ. ജെ. ഉതുപ്പിനു. കേസുകളെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

147. അറപ്പുരയിൽ ഗീവറുഗീസു കത്തനാർക്കു. പ്രിയനെ, താൻ ഈ മാസം 6-നു ഞായറാഴ്ചയായ ഈ നോമ്പിൽ കണ്ണങ്കോട്ടു പള്ളി ഇടവകക്കാരനായ പാലക്കത്തിൽ പീലിപ്പോസിനെക്കൊണ്ടു തുവയൂർ പുത്തൻപള്ളിയിൽ വച്ചു വിവാഹം നടത്തിച്ചതായി കണ്ണങ്കോട്ടു പള്ളി കണക്കൻ വെണ്ടണ കിഴക്കേതിൽ ഉമ്മൻ ഗീവറുഗീസു നമ്മുടെ പേർക്കു എഴുതി അയച്ചിരിക്കുന്നു. ഇതു സത്യമാണെങ്കിൽ തന്റെ ഈ പ്രവൃത്തി വലിയ കുറ്റകരമാണെന്നു നാം പ്രത്യേകം പറയണമെന്നില്ലല്ലോ. ഇതു ശിക്ഷാർഹമായ പ്രവൃത്തിയാകയാൽ ഇതിനെ സംബന്ധിച്ചു തനിക്കു വല്ലതും സമാധാനം ബോധിപ്പിക്കാനുണ്ടെങ്കിൽ ഉടനെ നമുക്കു എഴുതി അയയ്ക്കയോ നമ്മുടെ അടുക്കൽ വന്നു ബോധിപ്പിക്കയോ ചെയ്യണം. രണ്ടാഴ്ചയ്ക്കകം ഇതിനു സമാധാനം ബോധിപ്പിക്കാത്തപക്ഷം സഭാനിയമം അനുസരിച്ചു വേണ്ടവിധത്തിൽ നാം പ്രവർത്തിക്കുന്നതാണെന്നറിഞ്ഞുകൊള്ളണം. ശേഷം പിന്നാലെ. എന്നു 1920-നു 1095 ധനു 18-നു കോട്ടയം സിമ്മനാരി.

148. മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

നമ്മുടെ ആർത്താറ്റു കുന്ദംകുളം പള്ളികളിലെ വികാരിമാരും ദേശത്തുപട്ടക്കാരും പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ, ചെറുവത്തൂർ മാത്തു കത്തനാരെയും ചെറുവത്തൂർ ഗീവറുഗീസു കത്തനാരെയും മറ്റും കുറിച്ചു നിങ്ങൾ നമ്മുടെ മുമ്പാകെ ... ബോധിപ്പിക്കണമെന്നും പരാതി ഹർജിയുടെ കോപ്പികൾ അടക്കം ചെയ്തു നാം കല്പന അയച്ചാറെ ടി ചെറുവത്തൂർ മാത്തു കത്തനാരും ചെറുവത്തൂർ ഗീവറുഗീസു കത്തനാരും ന്യായമായ സമാധാനം ... നമ്മുടെ അടുക്കൽ വന്നു ... കോടതികൾ കൂടെയും അംഗീകരിച്ചും ബലപ്പെടുത്തിയുമിരിക്കുന്ന നമ്മുടെ സ്ഥാനത്തെയും അധികാരങ്ങളെയും ധിക്കരിപ്പാൻ തക്കവണ്ണം അവർ അഹങ്കരിച്ചിരിക്കുന്നു. അതിനാൽ ടി ചെറുവത്തൂർ മാത്തു കത്തനാരെയും, ചെറുവത്തൂർ ഗീവറുഗീസു കത്തനാരെയും ഈ കല്പന മൂലം നാം അംശം മുടക്കിയിരിക്കുന്നതാകകൊണ്ട് പട്ടത്വത്തിനടുത്ത യാതൊരു കർമ്മങ്ങളും അവരെക്കൊണ്ട് നിങ്ങൾ കഴിപ്പിക്കയോ അവരുടെ കർമ്മങ്ങളിൽ നിങ്ങൾ സംബന്ധിക്കയോ ചെയ്തു പോകരുത്. അവരെ സംബന്ധിച്ചു ഇനിയും നാം വേറൊരു കല്പന അയയ്ക്കുന്നതുവരെ പട്ടത്വത്തിനടുത്ത യാതൊരവകാശങ്ങളും അവർക്കു നിങ്ങൾ കൊടുത്തുപോകയുമരുതു. ശേഷം കാര്യങ്ങൾക്കു പിന്നാലെ നാം കല്പന അയയ്ക്കുന്നതുമാണ്. സർവ്വശക്തനായ ....

എന്നു 1920-നു 1095 ധനു മാസം 18-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

149. മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായിൽ നിന്നു ചെറുവത്തൂർ ഗീവറുഗീസു കത്തനാരെ ഇതിനാൽ അറിയിക്കുന്നതു.

ആർത്താറ്റു കുന്ദംകുളം പള്ളിക്കാർ തന്നെ സംബന്ധിച്ചു നമ്മുടെ അടുക്കൽ ബോധിപ്പിച്ച പരാതി ഹർജിക്കു സമാധാനം ബോധിപ്പിക്കുന്നതിനു നാം കല്പന അയച്ചാറെ താൻ ആയതിന്റെ സമാധാനം ബോധിപ്പിച്ചില്ലെന്നു ... ഇങ്ങനെ സമാധാനം ചോദിപ്പാൻ നമുക്കു ന്യായമായ അവകാശവും ഇല്ലെന്നു പറഞ്ഞു നമ്മുടെ ... സ്ഥാനത്തെയും അധികാരങ്ങളെയും നിഷേധിക്കയും മറ്റും ചെയ്തിരിക്കുന്നതാകകൊണ്ടു തന്നെ നാം മുടക്കിയിരിക്കുന്നതായി ആർത്താറ്റു കുന്ദംകുളം പള്ളിക്കാർക്കു കല്പന അയച്ചിട്ടുണ്ടെന്നുള്ള വിവരം ഇതിനാൽ തന്നെ നാം തെര്യപ്പെടുത്തിയിരിക്കുന്നു.

എന്നു 1920-നു 1095 ധനു മാസം 18-നു കോട്ടയം സിമ്മനാരിയിൽ നിന്നും,

150. ചെറുവത്തൂർ മാത്തു കത്തനാർക്കും മേൽപ്രകാരം എഴുതി അയച്ചു. ടി തീയതി. ടി സ്ഥലം.

151. പുലിക്കോട്ടിൽ യൗസേപ്പു ശെമ്മാച്ചനു. ടി കത്തനാരന്മാരെ മുടക്കി കല്പന അയക്കുന്നുയെന്നും മറ്റു വർത്തമാനങ്ങൾക്കും മറ്റും. 1920-നു 1095 ധനു 18-നു കോട്ടയം സിമ്മനാരി.

1095 ധനു മാസം 19-നു ശനിയാഴ്ച കോട്ടയം സിമ്മനാരിയിൽ നിന്നും വള്ളം വഴി പുറപ്പെട്ടു കടവിൽ അടുത്തു 4 മണിയോടു കൂടി കാരാട്ടുകുന്നേൽ പള്ളിയിൽ എത്തി.

152. കൊച്ചുമെത്രാച്ചനു. ആനന്ദപ്പള്ളി പള്ളിയിൽ എത്തി അവരുടെ തർക്കങ്ങൾ കേട്ടു തീരുമാനിക്കണമെന്നും മറ്റും. 1095 ധനു 20-നു കാരാട്ടുകുന്നേൽ പള്ളി.

153. വള്ളക്കാലിൽ ഉണ്ണൂണ്ണിക്കു. സ്കൂൾ തുറക്കുന്ന ദിവസം ചാക്കോച്ചൻ വരാത്തപക്ഷം പകരം ജോലി നോക്കണമെന്നും പിന്നാലെ വേണ്ടതു ചെയ്യാമെന്നും. 1095 ധനു 24-നു കാരാട്ടുകുന്നേൽ പള്ളി.

1095 ധനു 25-നു വെള്ളിയാഴ്ച 4 മണിയോടു കൂടി കാരാട്ടുകുന്നേൽ പള്ളിയിൽ നിന്നും മഞ്ചൽ മാർഗ്ഗം പുറപ്പെട്ടു 6 മണിയോടു കൂടി വടക്കൻമണ്ണൂർ പള്ളിയിൽ എത്തി.

154. പീടികയിൽ സി. എം. ഗീവറുഗീസു കത്തനാർക്കു. അഴുത പള്ളി സംബന്ധിച്ചു മാത്തുച്ചനെ ചെന്നു കാണണമെന്നും മറ്റും. 1895 ധനു 26-നു വടക്കൻമണ്ണൂർ പള്ളി.

155. തേരകത്തു ചെറിയാൻ കുഞ്ഞിനു. വർത്തമാനങ്ങൾക്കും അങ്ങോട്ടു വരുന്നതിനു തൽക്കാലം നിവൃത്തിയില്ലെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

156. കൊച്ചുമെത്രാച്ചനു. വർത്തമാനങ്ങൾക്കു.

157. നെടുവേലി കൊന്നയിൽ യോഹന്നാനു. കൈപ്പട്ടൂർ പള്ളി സംബന്ധിച്ചു. നാം അവിടേക്കു എത്തുന്നതുവരെ വഴക്കു ഒന്നും ഉണ്ടാക്കരുതെന്നു. 1095 ധനു 26-നു വടക്കൻമണ്ണൂർ പള്ളിയിൽ നിന്നും.

158. ... ചാത്തുരുത്തിൽ ചെറിയാൻ കുര്യനാവശ്യപ്പെടുന്ന സഹായങ്ങൾ ചെയ്തുകൊടുക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

159. കാരാട്ടുകുന്നേൽ പള്ളിക്കാർക്കു. പതാരം, കുഴിക്കാണം, കെട്ടുതെങ്ങു, പിടിയരി, ... ആദ്യഫല ശേഖരവും ശേഖരിച്ചു വികാരി പീലിപ്പോസു കത്തനാരുടെ ശമ്പളക്കുടിശ്ശികയും, വേറെ കടക്കാരുടെ കടവും കൊടുത്തു തീർക്കണമെന്നും മറ്റും. 1920-നു 1095 ധനു 27-നു വടക്കൻമണ്ണൂർ പള്ളി.

160. ചാക്കോ സൂപ്രണ്ടിനു. ഞാലി കത്തനാരുടെ മനസുതിരിവിൽ സന്തോഷിക്കുന്നുയെന്നും മുടക്കു തീർക്കാമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

161. പാറേട്ടു ശെമ്മാച്ചനു. സമുദായത്തിനായി ജീവിക്കാമെന്നറിയുന്നതിൽ സന്തോഷിക്കുന്നു എന്നും മറ്റും. 1920-നു 1095 ധനു 28-നു വടക്കൻമണ്ണൂർ പള്ളി.

162. പി. കെ. ഇട്ടിമാത്തുവിനു. ഞാലി കത്തനാരുടെ മാനസം തിരിച്ചിലിൽ സന്തോഷിക്കുന്നുയെന്നും മറ്റു വർത്തമാനങ്ങൾക്കും. ടി തീയതി. ടി സ്ഥലം.

163. വാളനടിയിൽ സ്കറിയാ കത്തനാർക്കു. ശെമ്മാച്ചന്റെ സൗഖ്യത്തിൽ സന്തോഷിക്കുന്നുയെന്നും മറ്റും. 1095 ധനു 28-നു വടക്കൻമണ്ണൂർ പള്ളി.

164. സി. കൊച്ചുകോശിക്കു. പുതുവൽ പണിയിക്കുന്ന സംഗതിയെ സംബന്ധിച്ചും മറ്റും. 1920-നു 1095 ധനു 28-നു വടക്കൻമണ്ണൂർ പള്ളിയിൽ നിന്നും.

165. എൻ. ജി. കുറിയാക്കോസ് കത്തനാർക്കു. നിരണം യോഗം, വൈദിക വിദ്യാഭ്യാസം മുതലായവ സംബന്ധിച്ചു. 1920-നു 1095 ധനു 28-നു വടക്കൻമണ്ണൂർ പള്ളി.

166. മുള്ളരിങ്ങാട്ടു പള്ളിക്കാർക്കു. പീടികയിൽ മൂപ്പച്ചനെ വികാരിയായും മുളമൂട്ടിൽ തോമസു കത്തനാരെയും പീടികയിൽ അബ്രഹാം കത്തനാരെയും വീതമനുസരിച്ചു തവണ നടത്തുന്നതിനും മുതൽകെട്ടിനു താഴത്തു കോരുള മാണിയെയും കണക്കിനു വഞ്ചികപ്പാറ ചെറിയാൻ ഉമ്മനെയും നിയമിച്ചിരിക്കുന്നു എന്നും മറ്റും. ടി തീയതി. ടി സ്ഥലം.

167. പീടികയിൽ മൂപ്പച്ചൻ മുതൽപേർക്കു. ടിയാന്മാരെ മുതൽനോട്ടം നടത്തുന്നതിനു നിശ്ചയിച്ചിരിക്കുന്നുയെന്നു. ടി. തീയതി. ടി സ്ഥലം.

168. വാളക്കുഴി ശെമ്മാച്ചനു. ആവശ്യത്തിനായി 150 രൂപ അയച്ചുതരുമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

169. തെരുവത്തു മൂപ്പച്ചനു. കടമ്പനാട്ടു പള്ളി സംബന്ധമായ കാര്യങ്ങൾ വക്കീൽ എ. എം. വർക്കിയോടു ആലോചിച്ചു പ്രവർത്തിക്കണമെന്നു. ടി തീയതി. ടി സ്ഥലം.

170. പയ്യമ്പെള്ളിൽ മൂപ്പച്ചനു. പുന്നവേലി കാര്യം തിരുവല്ലായിൽ എത്തുമ്പോൾ തീരുമാനിക്കാമെന്നും മറ്റും. 1920-നു 1095 ധനു 28-നു വടക്കൻമണ്ണൂർ പള്ളി.

(തുടരും)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്



Fr. Reji C. Varghese has been honoured with the esteemed Best Educationist Award 2023-2024 from the Silver Zone Olympiad Foundation. This accolade recognizes his exceptional contributions to education and his dedicated support for nurturing young minds.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വലിയ മാർ ബസേലിയോസിന്റെ ഉപവാസത്തെക്കുറിച്ചുള്ള പ്രസംഗം

ഫാ. ജോബ് സാം മാത്യു

കപ്പദോക്യൻ പിതാക്കന്മാരിൽ ഒരാളും കൈസേറിയയിലെ മെത്രാപ്പോലീത്തായും വേദശാസ്ത്രജ്ഞനും സന്യാസ പിതാവും ആയിരുന്നു മഹാനും വിശുദ്ധനുമായ ബസേലിയോസ്. സഭയുടെ സത്യവിശ്വാസം വിശദീകരിക്കാനും പഠിപ്പിക്കുവാനും അദ്ദേഹം ശ്രദ്ധിച്ചു. നാലാം നൂറ്റാണ്ടിൽ ഉയർന്ന വേദവിപരീതങ്ങൾക്കെതിരെ ധീരതയോടെ നിലകൊണ്ടു. കർമ്മനിരതമായ ജീവിതം ഈ പൗരസ്ത്യ സഭാപിതാവ് നയിച്ചു. ഉപവാസത്തെ കുറിച്ച് പരിശുദ്ധനായ ഈ പിതാവ് നടത്തിയ പ്രസംഗത്തിന്റെ സാരാംശമാണ് ഈ ലേഖനത്തിലുള്ളത്.

നോമ്പ് എപ്രകാരം നാം അനുഷ്ഠിക്കണമെന്ന ദൈവിക അരുളപ്പാട് യെശയ്യാ പ്രവാചകൻ രേഖപ്പെടുത്തി (യെശ. 58:5–9). പ്രവാചകന്മാർ ഉപവാസത്തിൽ നമുക്ക് മാതൃകയായി. മ്ലാനവദരരായിട്ടല്ല, മറിച്ച് സന്തോഷപൂർവ്വം ഉപവസിക്കാനാണ് നാം ശ്രമിക്കേണ്ടത്. ഇത് വിശുദ്ധന്മാർക്ക് അനുയോജ്യമായ ജീവിതശൈലിയാണ്. ഒരാൾ വിജയം നേടുന്നത് അധ്വാനത്തിലൂടെയാണ്. അപ്രകാരം ഉപവാസം എന്ന അധ്വാനം വഴി ആത്മാവിന്റെ ആരോഗ്യവും സാധ്യമാകുന്നു. എന്നാൽ ഭക്ഷണ ക്രമീകരണം മാത്രമല്ല ഉപവാസം.

ആത്മാവിനു കരുതൽ നൽകുന്നതിനു പകരം ഉദരത്തിന്റെ സുഖത്തിന് ശ്രദ്ധ നൽകുന്നവരാണ് നാം. പാപത്തിനുള്ള ശക്തമായ മരുന്നാണ് ഉപവാസം. ഇത് സത്യവൈദ്യനായ യേശുക്രിസ്തു നമുക്ക് നൽകിയിരിക്കുന്നു. കുട്ടികളുടെ ആമാശയത്തിലെ വിരകളെ ഇല്ലാതാക്കാൻ ശക്തമായ മരുന്നുകൾ ഉണ്ട്. അതുപോലെ ഉപവാസം ആത്മാവിന്റെ ആഴങ്ങളിലേക്ക് കടന്ന് പാപത്തെ കൊല്ലുന്ന ഒരു ഔഷധമാണ്. ഉപവാസത്താൽ നാം ക്രിസ്തുവിനാൽ അഭിഷേകം ചെയ്യപ്പെടുന്നു. അങ്ങനെ ആത്മാവിൽ നിന്നും സകല പാപവും ശക്തമായി കഴുകികളയുന്നു. ഉപവാസം പ്രകടനാത്മകമാകരുത്. മുഖംമൂടപ്പെടുന്ന മരിച്ചവരെ പോലെ ആകാതെ, ഉള്ളിലെ ആന്തരിക ചൈതന്യവും സന്തോഷവും പുറമെയും പ്രകാശിതമാക്കി നാം ജീവിക്കണം.

പൊതുജന സമക്ഷം പ്രസിദ്ധമാക്കുന്നു എങ്കിൽ നമ്മുടെ ദാനധർമ്മം അപ്രസക്തമാകും. അപ്രകാരം പ്രശസ്തിക്കും സ്ഥാനമാനങ്ങൾക്കുമായി നാം ഉപവസിക്കുന്നുവെങ്കിൽ അത് നിഷ്ക്രിയമാകും. ഇവിടെ മാർ ബസേലിയോസ് പ്രകടനാത്മകതയെ നിശിതമായി വിമർശിക്കുന്നതായി നമുക്ക് കാണാം. മനുഷ്യരുടെ പ്രശംസ നേടാൻ നാം ഉപവസിക്കുന്നുവെങ്കിൽ അന്ത്യദിനങ്ങളിൽ അത് ഫലദായകം ആകില്ല. ആദരവോടും ശ്രേഷ്ഠതയോടും ഉപവാസത്തെ നാം സമീപിക്കണം. നമ്മുടെ പൂർവികർ തീക്ഷ്ണതയോടും ജാഗ്രതയോടും ഉപവസിച്ചിരുന്നു. ഉപവാസം ഇന്നും എന്നും ഫലപ്രദമാണ്. മനുഷ്യന്റെ സൃഷ്ടിയോളം പഴക്കമുണ്ട് ഉപവാസത്തിന്. ദൈവം ആദമിനു നൽകിയ ആദ്യ കൽപ്പനയും പറുദീസയിലെ നിയമവും ആണിത്. ഇത് പാലിക്കുന്നതിൽ ഹവ്വ വീഴ്ച വരുത്തി. പറുദീസായിലെ മനുഷ്യൻ വീണു പോയതിന്റെ കാരണം ഉപവസിക്കാത്തതാണ്.

ആരോഗ്യമുള്ള വ്യക്തിക്ക് വൈദ്യനെ ആവശ്യമില്ല. എന്നാൽ രോഗിക്ക് വൈദ്യൻ ആവശ്യമാണ്. പാപത്താൽ നാം രോഗികളാകുന്നു എങ്കിൽ ഉപവാസത്താൽ നാം സൗഖ്യം പ്രാപിക്കുന്നു. ഉപവാസം കൂടാതെയുള്ള അനുതാപം നിഷ്ഫലമാണ്. പ്രതിബന്ധങ്ങളെ കഠിനമായ പരിശ്രമത്താൽ തരണം ചെയ്യുവാനാണ് നമ്മുടെ വിളി. അല്ലാതെ സുഖസമൃദ്ധമായ ജീവിതം നയിക്കുക എന്നുള്ളതല്ല. നാം ഉപവാസത്താൽ മാലാഖമാരുടെ ജീവിതത്തെ അനുകരിക്കുന്നു. ഉപവസിക്കാത്തതിനാൽ നാം പറുദീസായിൽ നിന്നും വീണു. എന്നാൽ അവിടേക്ക് മടങ്ങാൻ നമുക്ക് കഴിയുന്നത് ഉപവാസത്താലാണ്. ദരിദ്രനായ ലാസർ ഉപവാസത്താൽ പറുദീസായിലെത്തി. എന്നാൽ ഭൗതിക സുഖങ്ങളിൽ അഭിരമിച്ച ധനവാന് അതു നഷ്ടമായി. ശരീരത്തിന്റെ ബലഹീനതയും രോഗങ്ങളും ഒഴിവു കഴിവായി കണക്കാക്കി ഉപവസിക്കാതിരിക്കരുത്. എല്ലാം



അറിയുന്ന സ്രഷ്ടാവിനെയാണ് നാം അഭിമുഖീകരിക്കുന്നത് എന്ന് മറന്നു പോകരുത്.

ഭക്ഷണത്തിൽ വരുത്തുന്ന ക്രമീകരണങ്ങൾ ശരീരത്തിന് ആരോഗ്യം പകരും. ഉപവസിക്കുമ്പോൾ നാം ഭക്ഷണത്തിൽ ക്രമീകരണം വരുത്തുന്നു. പൂർവികന്മാരിൽ നിന്നും നമുക്ക് പകർന്നു കിട്ടിയതാണ് ഈ സുകൃതം. വിശുദ്ധർ ഇത് സ്വീകരിച്ച് അവരുടെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർത്തു. ഒരു പിതാവ് തന്റെ മകന് പകരുന്നതു പോലെ ഈ സുകൃതത്തെ അവർ നമുക്ക് നൽകി. നാം ഈ അമൂല്യനിധിയുടെ ഇന്നത്തെ കാര്യവിചാരകരാണ്. അടുത്ത തലമുറയ്ക്ക് ഈ നിധി പകരണമെങ്കിൽ ഉപവാസത്തിന്റെ ശക്തി നാം തിരിച്ചറിയണം.

ദൈവത്തിന്റെ അതുല്യമായ സന്നിധിയിലേക്ക് അടുക്കുവാൻ മോശയ്ക്ക് കഴിഞ്ഞത് ഉപവാസത്തിന്റെ ശക്തിയാലാണ്. എന്നാൽ മോശ ദൈവിക കല്പനകൾ വാങ്ങുമ്പോൾ താഴ്‌വയിലെ ജനം അഹന്തയും ഭൗതിക മോദങ്ങളും

നിറഞ്ഞവരായി നശിക്കുകയായിരുന്നു. ഉപവാസം നമ്മെ ദൈവത്തിലേക്ക് അടുപ്പിക്കും. എന്നാൽ ആഡംബരം നമ്മുടെ രക്ഷയെ ഇല്ലാതാക്കും. ആഹാരത്തെ പ്രധാനമായി കണ്ട ഏശാവ് സ്വന്തം ജേഷ്ഠാവകാശം ത്യജിച്ചു. എന്നാൽ ഉപവസിച്ചു പ്രാർത്ഥിച്ച ഹന്ന ശമുവേലിന്റെ മാതാവായി. ഉപവസിക്കുന്നവർ പ്രവാചകന്മാർക്ക് ജന്മമേകും. ഉപവാസം ബലവാന്മാരെ ശക്തികരിക്കുകയും ന്യായാധിപന്മാരെ വിജ്ഞാനികൾ ആക്കുകയും ചെയ്യും.


ഉപവാസം ആത്മാവിന്റെ സംരക്ഷകനും ശരീരത്തിന്റെ ദീർഘകാല സുഹൃത്തും ആണ്. അത് ധീരന് ആയുധവും വിജയിക്ക് ജീവിതനിഷ്ഠയും ശിക്ഷണവും നൽകും. പരീക്ഷണങ്ങളെ ഇല്ലാതാക്കി ദൈവിക ചൈതന്യത്താൽ നിറയ്ക്കും. ഉപവാസം വിവേകിക്ക് സഖിയും പരമാർത്ഥ ഹൃദയത്തിന്റെ നിർമ്മിതാവും ബലഹീനരെ ശക്തിപ്പെടുത്തുന്നതുമാണ്. ഉപവാസം പുരോഹിതരെ പൂർണ്ണരാക്കും. വ്രതമനുഷ്ഠിക്കുന്നവരെ വിശുദ്ധികരിക്കും. ഹോറേബ് പർവ്വതത്തിലെ ഗുഹയിൽ 40 ദിവസം ഉപവസിച്ച ഏലിയാവിന് ആത്മശുദ്ധീകരണം പ്രാപിച്ച് ദൈവിക ദർശനം ഉണ്ടായി. വിശുദ്ധർക്ക് ദൈവിക ജീവിതചര്യ നൽകുന്നത് ഉപവാസമാണ്. ബാബിലോണിലെ മൂന്ന് എബ്രായ ബാലന്മാരും ഏലീശാ പ്രവാചകനും ദാനിയേലും ഉപവാസത്താൽ കരുത്താർജിച്ചു. യോഹന്നാൻ സ്നാപകൻ യഹൂദ മരുഭൂമിയിൽ ഉപവസിച്ചു. മിഷനറി വേലയ്ക്കിടയിൽ പൗലോസ് ശ്ലീഹ ദൈവാത്മനിറവിനായി ഉപവാസത്തെ സ്വീകരിച്ചു. ഉത്തമ ആരോഗ്യത്തിന്റെ മാതാവാണ് ഉപവാസം. അത് യുവാക്കളുടെ ഉപദേശകനും വൃദ്ധരുടെ അലങ്കാരവും യാത്രക്കാർക്ക് സഹചാരിയും ആണ്. നമ്മുടെ ജീവിത പങ്കാളി ഉപവസിക്കുന്നവരാണ് എങ്കിൽ അത് പ്രോത്സാഹിപ്പിക്കുകയും ആ മാതൃക പിന്തുടരുകയും ചെയ്യണം. അങ്ങനെ നമ്മുടെ ഭവനാന്തരീക്ഷം സൗഹൃദ പൂർണ്ണമാകും.


ദാഹം ജലത്തെ മധുരതരമാക്കും. അപ്രകാരം ഉപവാസം ഭക്ഷണത്തിന്റെ രുചി വർദ്ധിപ്പിക്കും. ഒരിക്കൽ നാം ഉപവാസത്തിന്റെ മഹത്വം തിരിച്ചറിഞ്ഞാൽ പിന്നെ അത് ജീവിതത്തിന്റെ ഭാഗമാക്കാൻ നമുക്ക് പ്രചോദനം ലഭിക്കും. ദൈവം നമുക്ക് നൽകിയ കൃപകൾ ജീവിതത്തിൽ സ്ഥിരമാക്കാൻ ഉപവാസം സഹായിക്കും. ആഡംബര പൂർണമായ ജീവിതം രോഗങ്ങൾ ക്ഷണിച്ചുവരുത്തും. ഈ ബോധ്യം നമുക്കുണ്ടായാൽ മിതത്വമുള്ള ജീവിതശൈലി സ്വീകരിക്കാൻ നാം താൽപര്യം കാണിക്കും. നാം ഉപവസിക്കേണ്ടത് വിനയവും ശാന്തതയും ദൈവിക ചിന്തയും നിറഞ്ഞ്, പക്വമായ പുഞ്ചിരിയോടും ഉചിതമായ സംഭാഷണത്തോടും ഹൃദയ നിർമലതയോടുമാണ്.


മനുഷ്യാവതാരമെടുത്ത ദൈവപുത്രനായ യേശുക്രിസ്തു 40 ദിവസത്തെ ഉപവാസത്താൽ ശരീരത്തെ പാകപ്പെടുത്തി. പിശാചിന്റെ പരീക്ഷണങ്ങൾക്കെതിരെ ഊർജ്ജം കൈവരിച്ചു. ഉപവാസത്തിന്റെ ഉത്തമ മാതൃക സ്വന്തം ജീവിതത്തിൽ കൂടി നമുക്ക് വെളിപ്പെടുത്തി. അതിലൂടെ അഭിഷേകിതരാകാനും ആത്മീയ ജീവിത പരിശീലനം നേടാനും നമ്മെ പഠിപ്പിച്ചു. യഥാർത്ഥ ഉപവാസം തിന്മയുടെ ശത്രുവാണ്. നഗരത്തിന്റെ പ്രൗഢിയും വിപണിയുടെ സ്ഥിരതയും ഭവനങ്ങളുടെ സമാധാനവും സമ്പത്തിന്റെ സംരക്ഷണയും സമൂഹത്തിൻറെ ധാർമിക കെട്ടുറപ്പും നിലനിർത്തുവാൻ കഴിയുന്നത് ഉപവാസത്താലാണ്.

ഉപവാസം എന്ന വിഷയത്തെ തിരുവെഴുത്തിന്റെയും സാമൂഹിക വിശകലനത്തിന്റെയും പശ്ചാത്തലത്തിൽ വിവരിക്കുകയാണ് വിശുദ്ധനായ ബസേലിയോസ്. ഉപവാസത്തിലൂടെ ആത്മീയ ബലവും സാമൂഹ്യബോധവും ശാരീരിക സൗന്ദര്യവും മനസ്സിന്റെ ദൃഢതയും ദൈവിക കാന്തിയും പ്രാപിച്ചവരായി മുന്നോട്ടുപോകാം എന്ന അനുഭാവാധിഷ്ഠിതമായ പാഠമാണ് അദ്ദേഹം മാർ ബസേലിയോസ് പകർന്നത്.

പുസ്തകം







അത് കർത്താവാകുന്നു

ഗീവർഗീസ് മാർ ഒസ്താത്തിയോസ്
പ്രസാധകർ: എം.ഒ.സി. പബ്ലിക്കേഷൻസ്, കോട്ടയം
വില: 700 രൂപ

മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ പെരുന്നാൾ ശുശ്രൂഷക്രമം ആണ്ടുതക്സാ


പ്രസാധകർ: എം.ഒ.സി. പബ്ലിക്കേഷൻസ്, കോട്ടയം
വില: 300 രൂപ

സഭാചരിത്രം



മലമടക്കിലെ കെടാവിളക്ക്

ഫാ. കുറിയാക്കോസ് ഒ.ഐ.സി.



മലങ്കര ഓർത്തഡോക്സ് സഭയിലെ പ്രഥമ സന്യാസ സമൂഹമായ റാന്നി–പെരുനാട് ബഥനി ആശ്രമത്തിന്റെ ചരിത്രം ആശ്രമാംഗമായിരുന്ന ഫാ. കുറിയാക്കോസ് ഒ.ഐ.സി. രചിച്ച് പ്രശസ്ത പത്രപ്രവർത്തകനായ കെ. വി. മാമ്മൻ എഡിറ്റ് ചെയ്ത് 1994–ൽ ബഥനി ആശ്രമം പ്രസിദ്ധീകരിച്ചിരുന്നു. സമകാലിക ചരിത്രരേഖകൾ കൂട്ടിച്ചേർത്തുകൊണ്ടുള്ള ആ ഗ്രന്ഥത്തിന്റെ പരിഷ്ക്കരിച്ച രൂപം സത്യാന്വേഷികൾക്കായി പ്രസിദ്ധീകരിക്കുന്നു.

ഒരു മോഷണക്കേസ്

മാർ തേവോദോസിയോസ് വാദിയായി മാവേലിക്കര ജില്ലാക്കോടതിയിൽ സിവിൽ കേസ് നടന്നുകൊണ്ടിരിക്കേ പ്രസ്തുത കേസിലെ ഒന്നാംപ്രതി ഇട്ടിയവിരാ മത്തായി വാദിയായി ബി. പട്ടിക വസ്തുവിൽ അയാൾ കൈയേറി താമസിക്കുന്ന കുടിലിൽ നിന്നു മോഷണം നടത്തിയെന്നു പറഞ്ഞ് ബഥനി ആശ്രമസ്ഥരായ മൂന്നു സന്യാസി വൈദികരുൾപ്പെടെ പന്ത്രണ്ട് പേരെ പ്രതികളാക്കി പത്തനംതിട്ട സബ് മജിസ്ട്രേട്ടു കോടതിയിൽ കലണ്ടർ കേസ് 301 –56–ാം നമ്പരായി (ഒരു മോഷണക്കേസ്) മാമ്മൻ കണ്ണന്താനം വക്കീൽ മുഖേന ഫയൽ ചെയ്തു. കേസിന്റെ തെളിവെടുപ്പിനുശേഷം പ്രതികൾ നിരപരാധികളാണെന്നു കണ്ട് കേസ് തള്ളി കോടതി വിധി പ്രസ്താവിച്ചു.

1930 മുതൽ മാർ ഈവാനിയോസും അനുയായികളും മാതൃസഭയെ ഉപേക്ഷിച്ച് റോമാസഭയിൽ ചേർന്നതിനെ തുടർന്ന് 1961–ൽ അവസാനമായി ഹൈക്കോടതി വിധി ഉണ്ടാകുന്നതു വരെ മുപ്പത്തൊന്നു വർഷം ബഥനി ആശ്രമത്തിന്റെ ചരിത്രത്തിൽ ഉണ്ടായ പ്രതിസന്ധികളെപ്പറ്റി മാന്യ വായനക്കാർക്ക് ഒരേകദേശരൂപം ലഭിച്ചിരിക്കും. വ്യക്തിപരവും സാമുദായികവും സാമ്പത്തികവും എന്നു വേണ്ട എല്ലാ തരത്തിലും ബഥനി ആശ്രമത്തിനും അതിന്റെ നേതാവായിരുന്ന അലക്സിയോസ് മാർ തേവോദോസിയോസിനും നേരിടേണ്ടി വന്ന യാതനകൾ എത്ര ഭയങ്കരമായിരുന്നു എന്ന് വായനക്കാർക്ക് ഊഹിക്കാമല്ലോ.

ഈ കാലഘട്ടത്തെക്കുറിച്ച് ബഥനി മഠം സ്ഥാപകരിൽ ഒരാളായ മദർ ഹന്ന ഇപ്രകാരം പറഞ്ഞിരിക്കുന്നു: “മാർ ഈവാനിയോസിന്റെ സഭാപരിവർത്തനം സഭയിൽ വലിയ കോളിളക്കം സൃഷ്ടിച്ചു. അതിലുപരി തെറ്റിദ്ധാരണകളും. സഭാതലവന്മാരെ ധിക്കരിച്ചും സഭാസ്ഥാപനങ്ങൾ അപഹരിച്ചും അവിശ്വസ്തത കാണിച്ചും സഭാഭ്രംശം ചെയ്ത സന്യാസികളെ ആരെങ്കിലും അവിശ്വസിക്കുന്നെങ്കിൽ അതിൽ അതിശയിപ്പാനുണ്ടോ? വളരെയേറെ പ്രതീക്ഷകളോടെ സ്ഥാപിക്കപ്പെട്ട ബഥനി സമൂഹത്തെ റീത്തു പ്രസ്ഥാനക്കാരുടെ പീഡയിൽ നിന്ന് രക്ഷിക്കേണ്ട ഭാരിച്ച ചുമതല ഒരു വശത്ത്; അതേസമയം നിരാശരായ സഭാംഗങ്ങളെയും ആശ്രമസ്ഥരെയും വിശ്വാസത്തിൽ ഉറപ്പിക്കേണ്ട ചുമതല മറുവശത്ത് –ഇതായിരുന്നു അന്ന് ഫാ. അലക്സിയോസിൽ നിക്ഷിപ്തമായിരുന്ന ചുമതല. സഭാ പ്രശ്നങ്ങൾ, പള്ളിക്കേസുകൾ, വസ്തുകൈയേറ്റങ്ങൾ, റൗഡികളുടെ കടന്നാക്രമണങ്ങൾ, സിവിൽ–ക്രിമിനൽ കേസുകൾ, ധനനഷ്ടം തുടങ്ങി നിരവധി പ്രയാസങ്ങളിൽ കൂടി കടന്നുപോകേണ്ടി വന്നു. അതോടൊപ്പംതന്നെ മാനസികമായ തളർച്ചയും ശാരീരികമായ ബദ്ധപ്പാടുകളും ആശ്രമാംഗങ്ങളെ വലച്ചു” (ബഥനിയുടെ പനിമലർ, പേജ് 153).

ഇതിന്റെ സകല ഭാരങ്ങളും മനഃപ്രയാസങ്ങളും ശാരീരിക ക്ലേശങ്ങളും കൂടുതലായി താങ്ങേണ്ടി വന്നത് ആശ്രമം സുപ്പീരിയർ അലക്സിയോസ് മാർ തേവോദോസിയോസ് ആയിരുന്നു. അദ്ദേഹത്തെ മാനസികമായി തളർത്തുക




മാത്രമല്ല, ശാരീരികമായി രോഗിയാക്കിത്തീർക്കയും ചെയ്തു. തന്റെ ഗുരുവും സഹപ്രവർത്തകനുമായ മാർ ഈവാനിയോസുമായി ഉണ്ടായ ഈ സംഘർഷം മാർ തേവോദോസിയോസിന്റെ വിമല മനസ്സിനു താങ്ങാനാവാത്ത ആഘാതമാണ് ഏല്പിച്ചത്. മാർ തേവോദോസിയോസിന്റെ ഈ സംഘർഷ മനഃസ്ഥിതിയെക്കുറിച്ച് ബസേലിയോസ് മാത്യൂസ് പ്രഥമൻ കാതോലിക്കബാവാ ഇപ്രകാരമാണ് അനുസ്മരിക്കുന്നത്: “തന്നോടുകൂടി പ്രവർത്തിച്ച തന്റെ പ്രിയങ്കര നേതാവായിരുന്ന ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് സഭയെ ഒറ്റിക്കൊടുത്തുകൊണ്ട് പുതിയ മേച്ചിൽപ്പുറങ്ങൾ അന്വേഷിച്ചിറങ്ങിയതു മൂലം ആഞ്ഞടിച്ച വിഷക്കാറ്റിൽ നിന്ന് സഭയെ രക്ഷിച്ചത് പാറപോലെ ഉറച്ചുനിന്ന ഫാ. അലക്സിയോസിന്റെ ശക്തമായ നേതൃത്വവും അചഞ്ചലമായ വിശ്വാസവുമായിരുന്നു” (ബഥനിയുടെ പനിമലർ, പേജ് 10).

ബഥനിയുടെ മാർ ഈവാനിയോസിന്റെയും മാർ തേവോദോസിയോസിന്റെയും ഉറ്റ മിത്രമായിരുന്ന പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ്, മാർ തേവോദോസിയോസിനെക്കുറിച്ച് പറഞ്ഞിട്ടുള്ളത് ഇപ്രകാരമാണ്: “അടുത്തകാലത്തു ജീവിച്ചിരുന്ന മെത്രാപ്പോലീത്തന്മാരിൽ ഇത്ര അധികം വേദനകളിലൂടെ കടന്നുപോയ മറ്റൊരു മെത്രാപ്പോലീത്താ ഇല്ല. ... ശാന്തനായി, അക്ഷോഭ്യനായി അവയെല്ലാം അദ്ദേഹം നേരിട്ടു” (ബഥനിയുടെ പനിമലർ, പേജ് 17).

മാർ തേവോദോസിയോസിന്റെ സെക്രട്ടറിയായി ദീർഘനാൾ സേവനം ചെയ്ത വെണ്ണിക്കുളം കെ. സി. ജോർജ് എം.എ. എം.എഡ്. തന്റെ അനുസ്മരണയിൽ ഇപ്രകാരം പറയുന്നു: “ബഥനി ആശ്രമ സ്ഥാപകൻ മാർ ഈവാനിയോസിന്റെ വലംകൈയായി പ്രവർത്തിച്ച മാർ തേവോദോസിയോസിന് ഏറ്റവും കൂടുതൽ പ്രയാസങ്ങൾ അനുഭവിക്കേണ്ടി വന്നതും മാർ ഈവാനിയോസിൽ നിന്നാണ്. പക്ഷേ അന്ത്യംവരെയും മാർ ഈവാനിയോസിനെ കുറ്റപ്പെടുത്തി സംസാരിക്കുന്നത് ഞാൻ കേട്ടിട്ടില്ല. ബഥനി വസ്തുക്കൾ സംബന്ധിച്ചുണ്ടായ കേസുകൾ മാർ തേവോദോസിയോസിനെ വളരെയധികം വേദനിപ്പിച്ചു. ഗത്യന്തരമില്ലാത്തതിനാലാണ് അദ്ദേഹം കോടതിയെ സമീപിച്ചത്. രാജിയായി തീരണമെന്നായിരുന്നു ആഗ്രഹവും. ഈ ആഗ്രഹം അന്ന് ചങ്ങനാശ്ശേരി ബിഷപ്പ് ആയിരുന്ന മാർ കാവുകാട്ടിനെ ഞാൻ അറിയിച്ചു. കാര്യങ്ങൾ എത്രയും സത്യസന്ധമായി കൈകാര്യം ചെയ്യുന്ന ഒരാളാണ് ബിഷപ്പ് കാവുകാട്ട് എന്ന് എന്നിൽ നിന്ന് മാർ തേവോദോസിയോസ് ഗ്രഹിച്ചിരുന്നു. ചങ്ങനാശ്ശേരി മെത്രാൻ ആവശ്യപ്പെട്ടതനുസരിച്ച് സ്മര്യപുരുഷൻ ചങ്ങനാശ്ശേരി അരമനയിലെത്തി കാര്യങ്ങളെല്ലാം ബിഷപ്പിനെ ധരിപ്പിച്ചു. ബിഷപ്പ് കാവുകാട്ട് മാർ ഈവാനിയോസുമായി കേസ് സംബന്ധിച്ച് ആലോചന നടത്തി. അതിനുശേഷം എന്നെ വിളിപ്പിച്ച് കേസു നടത്തുകയല്ലാതെ മറ്റു മാർഗ്ഗമൊന്നുമില്ലെന്നും മാർ ഈവാനിയോസിൽ നിന്ന് ഇതു സംബന്ധിച്ച് യാതൊരു നന്മയും ഉണ്ടാകയില്ലെന്നും മാർ തേവോദോസിയോസിനെ അറിയിക്കുവാൻ മാർ കാവുകാട്ട് എന്നെ ചുമതലപ്പെടുത്തി” (ബഥനിയുടെ പനിമലർ, പേജ് 58, 59).

ബിഷപ്പ് കാവുകാട്ട് പ്രകടിപ്പിച്ച ഏതാണ്ട് അതേ അഭിപ്രായം തന്നെയാണ് മാർ ഈവാനിയോസിനെ അനുകരിച്ച് റീത്തിൽ ചേർന്ന മാർ സേവേറിയോസിനും ഉണ്ടായിരുന്നതെന്ന് അദ്ദേഹം മാർ തേവോദോസിയോസിനു 1952 ജൂലൈ 26-ന് അയച്ച കത്തിൽ നിന്നു മനസ്സിലാക്കാം: “... മാർ ഈവാനിയോസിനെപ്പറ്റി ആശാസ്യമല്ലാത്ത അഭിപ്രായങ്ങൾ (ശരിയോ തെറ്റോ) ജനതാമദ്ധ്യത്തിൽ പരന്നിട്ടുണ്ട്. അതദ്ദേഹത്തെ സ്നേഹിക്കുന്ന ഏവർക്കും ഹൃദയവേദനയുളവാക്കുന്നു. പുനരൈക്യപ്രസ്ഥാനത്തിനു തന്നെയും അതു പ്രതിബന്ധമായി നിൽക്കുന്നു എന്ന കാര്യം ഞാൻ അറിയാതിരിക്കുന്നില്ല. പുനരൈക്യത്തെക്കുറിച്ച് ചിന്തിക്കുന്നതിനുപോലും ചിലർ അക്കാരണത്താൽ മടിക്കുന്നുണ്ട്. ... കുറ്റങ്ങളും കുറവുകളും ഇല്ലാത്ത ആളുകൾ ചുരുക്കം. എന്നിരുന്നാലും സ്ഥാനത്തിരിക്കുന്നവർ അതനുസരിച്ച് കരുതലോടെ വർത്തിക്കേണ്ടതാണ്. ...” (ബഥനിയുടെ പനിമലർ, പേജ് 56, 59).



മാർ തേവോദോസിയോസിന്റെ ശിഷ്യനും പിൻഗാമിയുമായ പരേതനായ ഫാ. യോഹന്നാൻ (പിന്നീട് മാർ അത്താനാസ്യോസ്) മാർ തേവോദോസിയോസിന്റെ സ്വഭാവത്തെ ഇപ്രകാരമാണ് വിവരിച്ചിരിക്കുന്നത്: “തിരുമേനി വ്യക്തിപരമായി ആരെയും വിമർശിച്ചിട്ടില്ല എന്നു മാത്രമല്ല വിമർശിക്കാൻ മറ്റുള്ളവരെ അനുവദിച്ചിരുന്നുമില്ല. മാർ ഈവാനിയോസിന്റെ വീരപരാക്രമങ്ങളിൽ ഒട്ടും അപ്രധാനമായിരുന്നില്ല ബഥനി സ്ഥാപനങ്ങൾക്കു വേണ്ടി നടത്തിയ സങ്കീർണമായ ബഥനിക്കേസ്. ‘ആ മരത്തലയന് ഞാൻ ഒന്നും കൊടുക്കയില്ല’ എന്ന് മാർ ഈവാനിയോസ് ഒരിക്കൽ ഒരു മദ്ധ്യസ്ഥനോട് പറഞ്ഞു. സമാധാനശ്രമങ്ങൾ പരാജയപ്പെട്ടപ്പോൾ ബഥനിയെ ശ്വാസംമുട്ടിച്ചു കൊല്ലുവാൻ മാർ ഈവാനിയോസ് ഭഗീരഥപ്രയത്നം നടത്തി. വടക്കരെ വരുത്തി വസ്തു ബലമായി കൈയേറി. ആഭാസശകാരങ്ങൾ വർഷിച്ചു. മദ്യപിച്ച് മത്തരായി മാരകായുധങ്ങളോടുകൂടി അക്കൂട്ടർ ബഥനി ആശ്രമത്തിന്റെ മുമ്പിൽ വന്ന് നൃത്തം ചവിട്ടി; പൂരപ്പാട്ടുകൾ പാടി. ജീവനെ ഭയന്ന് കഴിച്ചുകൂട്ടിയ ആ ദിവസങ്ങളിൽപോലും ആരെങ്കിലും മാർ ഈവാനിയോസിനെ വിമർശിക്കാൻ തുനിഞ്ഞാൽ തിരുമേനി പറയും: ‘മക്കളേ, ദൈവം ഹൃദയങ്ങളെ അറിയുന്നവനാണല്ലോ. അവിടുന്നു വിധിക്കട്ടെ. നമുക്ക് വിധിക്കേണ്ട’ എന്ന്. ഇത്ര വിശാലഹൃദയനായ ഒരു മനുഷ്യനെ എവിടെ കാണാൻ സാധിക്കും.

... സ്വന്തം ജീവിതത്തിലും ആശ്രമാംഗങ്ങളിലും സത്യത്തിന് പരമപ്രധാനമായ സ്ഥാനം ഉണ്ടായിരിക്കണമെന്ന് തിരുമേനി ആഗ്രഹിച്ചു. ... How could any one compromise truth എന്ന് പലപ്പോഴും ചോദിച്ചിരുന്നു. ബഥനി വസ്തുക്കൾ മാർ ഈവാനിയോസിന്റെ കല്പനപ്രകാരം അദ്ദേഹത്തിന്റെ അനുയായികൾ കൈയേറി. ഇതു സംബന്ധിച്ച് പതിനേഴു വർഷം നീണ്ടുനിന്ന കേസുണ്ടായി. ഈ കേസിൽ എന്തു സംഭവിച്ചാലും ഒരു കള്ളവും പറഞ്ഞുപോകരുത് എന്ന് തിരുമേനിക്ക് നിർബന്ധമായിരുന്നു. ഒരിക്കൽ ഇടവക സന്ദർശനാർത്ഥം തിരുമേനി ദൂരെയായിരുന്നപ്പോൾ ഒരാശ്രമാംഗം തിരുമേനിക്ക് ഇങ്ങനെ എഴുതി: ‘തിരുമേനീ, എന്തെല്ലാം നഷ്ടം വന്നാലും എത്രയെല്ലാം കഷ്ടം അനുഭവിക്കേണ്ടി വന്നാലും വസ്തുക്കൾ മുഴുവൻ പോയാലും സത്യത്തിൽ നിന്ന് അണുമാത്രം എങ്കിലും നാം വ്യതിചലിക്കരുത്.’ ഈ എഴുത്തു വായിച്ചശേഷം അയച്ച കല്പനയിലെ ഒരു വാചകം ഉദ്ധരിക്കുന്നു: ‘മോനേ! തന്റെ എഴുത്തു വായിച്ചപ്പോൾ ഞാൻ കരഞ്ഞുപോയി.’ ഭൗതിക സ്വത്തിനെക്കാൾ തിരുമേനി വിലമതിച്ചിരുന്നത് സത്യം എന്ന സമ്പത്തായിരുന്നു. അവിടുത്തെ മക്കൾ അതു മനസ്സിലാക്കുന്നുണ്ടെന്നറിഞ്ഞപ്പോൾ തിരുമേനി ആനന്ദാശ്രുക്കൾ പൊഴിച്ചു.

ദൈവത്തെ സ്നേഹിക്കുന്നവർക്ക് സകല ജീവിതാനുഭവങ്ങളും ആത്യന്തികമായി നന്മയ്ക്കായി വ്യാപരിക്കുമെന്ന് അദ്ദേഹം പഠിപ്പിച്ചിരുന്നു. സന്തോഷം മാത്രമല്ല, കയ്പു നിറഞ്ഞ ജീവിതാനുഭവങ്ങളും കണ്ണുനീരിൽ കുതിർന്ന ദിവസങ്ങളും നിദ്രാരഹിതമായ രാത്രികളും എല്ലാം ദൈവത്തിന്റെ പരമ നന്മയിൽ നിന്നുള്ള ദാനങ്ങളായി തിരുമേനി കരുതിയാണു സ്വീകരിച്ചത്.”

(തുടരും)

വചനതീർത്ഥം



പെന്തിക്കോസ്തിക്ക് ശേഷം അഞ്ചാം ഞായർ

(വി മർക്കോസ് 9:33–41)

ഫാ. ജെറിൻ ജോൺ അടൂർ

ക്രിസ്തുവിന്റെ ശിഷ്യന്മാർ തമ്മിൽ ഒരു തർക്കമുണ്ടാവുകയാണ്. തങ്ങളിൽ ആരാണ് വലിയവൻ.ശിഷ്യന്മാരെക്കാൾ മുൻപേ യാത്ര ചെയ്യുന്ന ക്രിസ്തു ഇത് അറിയുകയും ഭവനത്തിൽ എത്തി തന്റെ ശിഷ്യന്മാരോട് തങ്ങൾ തർക്കിച്ചതിനെപ്പറ്റി ആരായുകയും ചെയ്തു. ആരാണ് വലിയവൻ എന്നതിനെ ചൊല്ലി ഒരു ശിശുവിനെ നിർത്തി ശിഷ്യന്മാർക്ക് നൽകുന്നവലിയ സന്ദേശമാണ് ഇന്നത്തെ വേദഭാഗം.

അപരിമിതനായ ദൈവം അതിരുകൾ ഇല്ലാതെ നമ്മെ ഉയർത്തുവാൻ കഴിവുള്ളവൻ

പേരും പെരുമയും അഭിലഷിക്കുക എന്നത് നമ്മുടെ എല്ലാവരുടെയും വ്യക്തിത്വത്തിന്റെതന്നെ ഒരു ഭാഗമാണ്. നമ്മുടെ ചുറ്റുമുള്ളവരേക്കാൾ അല്പം കൂടി മുന്തിയ എന്തെങ്കിലുമൊക്കെ ആയിത്തീരണം എന്ന ആഗ്രഹം ഇല്ലാത്തവരായി ആരുമുണ്ടാവില്ല. പ്രഥമദൃഷ്ട്യാ നല്ലതെന്ന് തോന്നുന്ന ഈ ആഗ്രഹം പലപ്പോഴും നമ്മെ കൊണ്ടെത്തിക്കുന്നത് പാപത്തിന്റെ വഴികളിലേക്കായിരിക്കും. കാരണം, ലോകം തരുന്നതിനെല്ലാം പരിമിതികളുണ്ട്, ഒപ്പം വെറുതെ ഒന്നും ആർക്കും ഈ ലോകത്തിൽനിന്നു ലഭിക്കുന്നുമില്ല. ലോകം തരുന്നതിനൊപ്പമോ അതിൽ കൂടുതലോ ലോകം നമ്മിൽനിന്നും തിരികെ എടുക്കുന്നു. അതുകൊണ്ടുതന്നെ സത്യസന്ധമായ വഴികളിൽകൂടി ലോകത്തെ സമീപിക്കുന്ന ഒരുവനും അവനാഗ്രഹിക്കുന്നതെല്ലാം അവിടെനിന്നു നേടുന്നില്ല. സ്വാർത്ഥതയിലൂടെയും കള്ളത്തരത്തിലൂടെയും ചതിയിലൂടെയും ഒക്കെ മാത്രമേ ലോകത്തിൽനിന്നും എന്തെങ്കിലുമൊക്കെ നേടിയെടുക്കാനാവൂ. എന്നാൽ തന്റെ സൃഷ്ടിയുടെ മകുടമായ മനുഷ്യർ എല്ലാവിധ സുഖസൌകര്യങ്ങളും അനുഭവിച്ചു ജീവിക്കണമെന്ന് ദൈവവും ആഗ്രഹിക്കുന്നുണ്ട്. 'മഹത്വവും ബഹുമാനവും കൊണ്ട് അവനെ മകുടമണിയിച്ചു. അങ്ങ് സ്വന്തം കരവേലകൾക്കുമേൽ അവന് ആധിപത്യം നല്കി; എല്ലാറ്റിനെയും അവന്റെ പാദത്തിൻ കീഴിലാക്കി' (സങ്കീർത്തനം 8:5, 6). പരിമിതികളില്ലാത്ത ദൈവം തരുന്നതിനൊന്നും അതിരുകളില്ല. എല്ലാ സമ്പത്തിന്റെയും സ്ഥാനമാനങ്ങളുടെയും ഉടയവനായ ദൈവത്തിനു, ഓരോരുത്തർക്കും ആവശ്യമുള്ളതിലേറെ തരുവാൻ സാധിക്കും. ഒരുവനിൽ നിന്ന് എടുത്തിട്ടല്ല ദൈവം മറ്റൊരാളെ അനുഗ്രഹിക്കുന്നത്. അതിനാൽ, ദൈവത്തിന്റെ അനുഗ്രഹത്തിനായി മറ്റുള്ളവരെ ഇടിച്ചിട്ട് മുൻനിരയിൽ കയറേണ്ട ആവശ്യവുമില്ല.

ദൈവത്തിന്റെ രാജ്യത്തിൽ ഒന്നാമതാകാൻ എന്ത് ചെയ്യണം എന്ന ചോദ്യത്തിന് ക്രിസ്തു ഉത്തരം നൽകിയത് ഒരു ശിശുവിനെ ചൂണ്ടിക്കാട്ടിയാണ്. മാനസാന്തരപ്പെട്ട് ഒരു ശിശുവിനേപ്പോലെ ആകാനാണ് ക്രിസ്തു തന്റെ ശിഷ്യരോട് അരുളിച്ചെയ്തത്. തന്റെ മാതാപിതാക്കളുടെ കീഴിൽ, അവർ പറയുന്നത് അനുസരിച്ച്, എളിമയോടെയും വിനയത്തോടെയും അവരിലുള്ള വിശ്വാസത്തിലൂടെയും ജീവിക്കുന്നവരാണ് ശിശുക്കൾ. വിനയത്തിനും ദൈവഭക്തിക്കുമുള്ള പ്രതിഫലം സമ്പത്തും ജീവനും ബഹുമതിയുമാണ്. ഈ ലോകത്തിന്റെ പരിമിതങ്ങളായ സുഖങ്ങൾക്കു വേണ്ടി പരിശ്രമിച്ചു പാപാന്ധകാരത്തിൽ പതിക്കാതെ, അതിരുകളില്ലാത്ത ദൈവാനുഗ്രഹങ്ങൾക്കായി യത്നിക്കാനുള്ള കൃപയ്ക്കായി നമുക്കും പ്രാർത്ഥിക്കാം.

ഒരു ശിശുവിന്റെ 'നിഷ്കളങ്കതയുടെ വലിപ്പത്താൽ' നാം നിറയണം

യേശു പഠിപ്പിക്കുന്നത് കഫർന്നഹോമിൽ വച്ചാണ്. അവിടേക്കുള്ള യാത്രയിൽ ശിഷ്യൻമാർ തർക്കിച്ചത് തങ്ങളിൽ വലിയവൻ ആരാണെന്നായിരുന്നു. നമ്മുടെ സാമൂഹ്യ വ്യവസ്ഥയിലും നാം ശ്രവിക്കുന്നത് ഇന്നലെ വരെ ഉള്ളതിനേക്കാൾ ഇന്ന് സ്വയം മെച്ചപ്പെടുന്ന വ്യക്തിയാകാനല്ല, മറിച്ച് മറ്റുള്ളവരെ തോൽപ്പിക്കാനും മറ്റുള്ളവരെക്കാളും മെച്ചപ്പെടാനുമാണ്.

എല്ലാ സമൂഹത്തിലും അധികാരത്തിന്റെ ഒരു വ്യവസ്ഥിതിയും ശ്രേണിയുമുണ്ട്. ഇതില്ലാതെ ഒരു കൂട്ടായ്മയും സമൂഹവും നിലനിൽക്കുന്നില്ല. പക്ഷെ, ഈ വ്യവസ്ഥിതിയിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ അവസാനത്തവനും എല്ലാവരുടേയും ശുശ്രൂഷകനും ആകണമെന്ന് യേശു പഠിപ്പിക്കുന്നു.

ശിശുവിനെ മധ്യേ നിറുത്തി പറയുന്ന ഉദാഹരണം നമുക്ക് വിചിന്തനം ചെയ്യാം. യേശുവിന്റെ കാലത്തെ ശിശുക്കൾ എക്കാലത്തെയും പോലെ സ്നേഹിക്കപ്പെടുന്നവരാണെങ്കിലും ഇന്നത്തെ സാമൂഹിക ചുറ്റുപാടിലെ ശിശു സംരക്ഷണ നിയമങ്ങൾക്ക് വിധേയരായി സുരക്ഷിതരായി കഴിയുന്നവരല്ല. പലപ്പോഴും അവർ ചെറിയ വീട്ടുജോലികളിലൊക്കെ സഹായിക്കേണ്ടി വന്നിരുന്നു. അവർ യജമാനൻമാരല്ല ഭരിക്കുന്നവരല്ല, ഭരിക്കപ്പെടുന്നവരാണ്.

ഇത്തരത്തിലുള്ള ശിശുവിനെ, അഥവാ ഏറ്റവും എളിയവനായ ഒരുവനെ നാം യേശുവിൻറെ നാമത്തിൽ സ്വീകരിക്കുമ്പോൾ, നാം യേശുവിനെയും അവനെ അയച്ച പിതാവായ ദൈവത്തെയും സ്വീകരിക്കുന്നു. അതോടൊപ്പം, ഒരു ശിശു നമുക്ക് സന്തോഷം നൽകുന്നുണ്ടെങ്കിലും, അവനെ ഒരു ശിശുവായി മാത്രം കാണാൻ നാം ആഗ്രഹിക്കുന്നില്ല. അവനെ വളരാനും വികസിപ്പിക്കാനും അവൻറെ സ്വന്തം ജീവിതം പടിത്തുയർത്താനും നാം സഹായിക്കുന്നു. അതുപോലെ തന്നെയാകണം യേശുവിൻറെ നാമത്തിൽ നാം സ്വീകരിക്കുന്ന നമ്മുടെ എളിയ സഹോദരങ്ങളോടും നാം ചെയ്യേണ്ടത്. അവരെ വളർത്താനും വികസിപ്പിക്കാനും നമുക്ക് സാധിക്കണം.

സ്വർഗ്ഗരാജ്യത്തിലെ വലിയവൻ സ്വയം ചെറുതാകുന്നവൻ

സ്വർഗരാജ്യത്തെ വലിയവൻ സ്വയം ചെറുതാകുന്നവനാണ്: അതും ശിശുക്കളെപ്പോലെ ചെറുതാകണം; വലുപ്പത്തിലല്ല, മനോഭാവത്തിൽ! ശിശുവിന്റെ മനോഭാവം പിതാവിലുള്ള ആശ്രയത്വമാണ്. താൻ ഒന്നിനും പ്രാപ്തനല്ലെന്നും എന്നാൽ, തനിക്കുവേണ്ടി തന്റെ സ്നേഹധനനായ പിതാവ് എല്ലാം ഒരുക്കുമെന്നും ശിശുവിനറിയാം. അതിനാൽ, അവൻ പിതാവിന്റെ ഏതു വാക്കു കേൾക്കാനും തയ്യാറാണ്. സ്വർഗത്തിൽ ആയിരിക്കുന്ന ഏതൊരാളും ഈ ദൈവാശ്രയബോധം ഭൂമിയിലേ ഓർത്തവരും പാലിച്ചവരുമാണ്.

ശിശുക്കളുടെ വലിയൊരു പ്രത്യേകത സ്വന്തം പിതാവിനെ തിരിച്ചറിയാനുള്ള അവരുടെ കഴിവാണ്. എത്രനാൾ അകന്നിരുന്നാലും അവർ തമ്മിലുള്ള ജൈവബന്ധം സ്വന്തം പിതാവിനെ കാണുമ്പോൾ അവനെ സന്തോഷമുള്ളവനാക്കും. ദൈവപിതാവിന്റെ മക്കളായ നമുക്കും ഇതേ മനോഭാവം ഉണ്ടാകണമെന്ന് ക്രിസ്തു ആഗ്രഹിക്കുന്നു.

സ്വർഗരാജ്യത്തിൽ പ്രവേശിക്കാൻ കഴിയാതെ പുറംതള്ളപ്പെടുന്നവൻ ആരാണെന്നും ക്രിസ്തു പറയുന്നുണ്ട്. ദൈവാശ്രയബോധത്തിൽ ജീവിക്കുന്ന സാധാരണ മനുഷ്യരെ വഴിതെറ്റിക്കുന്നവൻ ദുഷ്ടനാണ് . എത്ര കഠിനപാപികളോടും ക്ഷമിക്കുന്ന ഈശോയുടെ സ്വഭാവം മാറി രൂക്ഷമായ രീതിയിലാകുന്നത് ഇത്തരക്കാരെ ഉദ്ദേശിച്ചു സംസാരിക്കുമ്പോളാണ്. അതിനാൽ, ശിശു പിതാവിനോടെന്നപോലെ ദൈവാശ്രയബോധം ആർജിക്കുകമാത്രമല്ല, സഹോദരനെ അതിലേക്കു ക്ഷണിക്കുക കൂടി വേണം.

ആത്മീയമനുഷ്യർ ഇപ്രകാരം ദൈവാശ്രയബോധത്തിൽ ആയിരുന്നുകൊണ്ട് ആത്മീയ കാര്യങ്ങൾ നിവർത്തിക്കേണ്ടവരാണെന്ന് വി. പൗലോസ്ശ്ലീഹായും സൂചിപ്പിക്കുന്നു (1 കോരി. 14:26–33). പക്ഷേ, ദൈവികമായ എല്ലാ കാര്യങ്ങളുടെയും അടിസ്ഥാനം ഒന്നു മാത്രമേയുള്ളൂ; ദൈവികസമാധാനം. അപ്പോൾ, വീണ്ടും ശിശുക്കളിലേക്കു പോകേണ്ടി വരും. യാതൊരു മനഃക്ഷോഭവുമില്ലാതെ ഒരു ശിശു ഉറങ്ങുന്നത് അവന്റെ അമ്മയുടെ കൈകളിലായിരിക്കുമ്പോളാണ്. മാതൃനിർവിശേഷമായ ഈ ദൈവികഭാവം മക്കളായ നമുക്കും ഉണ്ടാകണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ഒച്ചപ്പാടുകളിലും കോലാഹലങ്ങളിലും ദൈവം പ്രസാദിക്കുന്നു എന്ന വിചാരത്തോടെ പ്രവർത്തിക്കുന്ന ചില ആത്മീയസാഹചര്യങ്ങളെ മാറ്റിയെഴുതാൻ സമാധാനത്തിന്റെ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Church Calendar

LESSONS OF HUMILITY AND SERVITUDE

(Fifth Sunday after Pentecost)
St Mark 9:33-41



Fr. Sajoie Samuel

Jesus and the disciples are "on the road again," headed for Jerusalem. Jesus, aware of what awaits him, prepares the disciples for the challenges ahead. Interestingly, when Jesus speaks of his impending suffering, he refers to it in the third person as the "Son of Man." This mysterious phrasing highlights Jesus' humanity—he grapples with the call to sacrifice himself for the world. In the Garden of Gethsemane, he prays not to drink the bitter cup. The disciples, portrayed honestly in Mark, later become apostles, despite their initial blockheadedness. Jesus patiently leads them toward repentance, emphasizing humility and selflessness. The gospel encourages us to follow Jesus' example by serving others, even those who make us nervous or uncomfortable.

To teach the disciples, the true meaning of being a disciple, He calls a child and asks them to emulate in their life. Children were not seen as significant individuals. Children weren't worth much until they grew up and proved themselves. They were considered nobodies. Their worth was tied up in their potential as adults, not in their being children. One Rabbi, a contemporary of Jesus, said, "Morning sleep, mid-day wine, chattering with child, and lingering in the places of the common people destroy a man."

I. SELFISH AMBITIONS DILUTE THE SPIRITUAL UNITY IN US

For humans to reach any goal, in the physical or spiritual realm, it is mandatory that all his/her faculties are rightfully aligned. It is what in the heart of an individual that strives him/her to success. Only a vigilant master can safeguard his booty from the snares of the evil one. Judas Iscariot had ulterior motives that brought him down from the post of a disciple. On the other hand, St. Peter had a will to regain power over his lost self, and hence is able to reclaim his wish to be crucified upside down to feel the pain akin to that of his Master.

Let's learn the efficacy of unity from nature. A tree is full grown in texture and shape. It has thousands and lakhs of leaves. If the tree lacked unity, would it be able to pass on nutrition to different parts of it? Photosynthesis is a collective effort. From the first leaf to the last leaf of the tree, all recieve the same nutrition throughout the year. The roots, the stem, the trunk, the branches, all work in unison towards a final goal. A river is united in it's zeal to join the sea or an ocean. No hindrance can defeat it's endeavor. There might be a temporary delay, but it ultimately reaches its goal.

A case in point is the life of John D. Rockefeller. John D. Rockfeller was once the richest man in the world. The first billionaire in the world. By age 25, he controlled one of the largest oil refineries in the US. By age 31, he had become the world's largest oil refiner. By age 38, he commanded 90% of the oil refined in the U.S. But at the age of 53, he became ill. His entire body became racked with pain and he lost all of his hair. In complete agony, the world's only billionaire could buy anything he wanted, but he could only digest soup and crackers.

As he approached death he awoke one morning with the vague realisation of not being able to take any of his wealth with him into the next world. He called his attorneys, accountants, and managers and announced that he wanted to channel his Assets to Hospitals, Research, and Charity work. John D. Rockefeller established his Foundation.This new direction eventually led to the discovery of Penicillin, cures for Malaria, Tuberculosis and Diphtheria.But perhaps the most amazing part of Rockefeller's story is that the moment he began to give back a portion of all that he had earned, his body's chemistry was altered so significantly that he got better. It looked as if he would die at 53 but he lived to be 98.

II. LAST OF ALL AND SERVANT OF ALL

Jesus preached and practised a simple formula throughout His life which is a mantra to help attain greatness. Never strive to be the first and be the servant of all. His preaching did not find favor with the majority. It appealed to only a minority who then became worthy to inherit the Kingdom of God. When His disciples were unable to understand His divine precepts, He Himself takes a towel, wraps it around Himself and picks up the banner of service to humankind. This is then emulated by His disciples to serve humans with the same fervour that they saw in their Master.

The sad part is, the way to success on earth is completely different to the way of success in heaven. To be great in earth, you have to be a king. But to be great in heaven, you have to be crucified, or beheaded for your faith or be a martyr for the true faith through other means. The crown of glory on earth becomes the thorn of glory in heaven. Hence it is difficult for the Rich Young Man to let go of his riches so as to be able to be the true follower. All of a sudden his priorities changed and he becomes one of the few people who came to Jesus presence and goes away empty handed.

The attitude of servanthood is the mark of a person who knows who he or she is. Such a person is not ignorant of their worth, but knows their true worth. It comes from the heart of a person who knows she is loved and valued, who is deeply aware of his identity. The more we become identified with Jesus Christ and sure of God's love, the more we will be able to drop the pretense of greatness and assume the role of servanthood.


To wrap up, Jesus says, "Whoever receives one such child in my name receives me, and whoever receives me, receives not me but him who sent me." This statement emphasizes humility, selflessness, and the value of serving others. Jesus equates receiving a child with receiving him, highlighting the importance of caring for the vulnerable and marginalized. It's a powerful reminder that acts of kindness and compassion have eternal significance.

◆



പഴഞ്ഞി കത്തീഡ്രൽ വടക്കേ പടിപ്പുരയുടെ കൂദാശ നടത്തി

പഴഞ്ഞി: മലങ്കര സഭയുടെ പുണ്യഭൂമിയിൽ മഹാഗോപുരങ്ങളോടുകൂടി വടക്കേ പടിപ്പുര സമുച്ചയം ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമികത്വത്തിൽ കൂദാശ നടത്തി. മുഴുവൻ ശിലകളെ കൊണ്ടും മേൽപ്പുര തട്ട് ചാരു കാൽ എന്നിവ മുഴുവൻ മരങ്ങളെക്കൊണ്ടും പഴമ ഒട്ടും നഷ്ടം വരാത്ത രീതിയിൽ ആണ് നിർമ്മാണം പൂർത്തീകരിച്ചത്. ഫാ. ജോസഫ് തോലത്ത് കോർപ്പിസ്കോപ്പാ, വികാരി ഫാ. ഐസക്ക് ജോൺ, സഹ വികാരി ഫാ. ആന്റണി പൗലോസ്, കൈകാരൻ സന്തോഷ് സി.ജെ, സെക്രട്ടറി സലിൻ സി സൈമൺ, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ എന്നിവർ സംബന്ധിച്ചു.



മലങ്കരസഭാ ഭരണഘടന: ചരിത്രം, രേഖകൾ, ഭേദഗതികൾ

(പരിഷ്ക്കരിച്ച രണ്ടാം പതിപ്പ്)

ഡെറിൻ രാജു

പ്രായോഗികതലത്തിൽ മലങ്കരസഭാ ഭരണഘടനയെക്കുറിച്ച് ഉണ്ടായേക്കാവുന്ന നിരവധി സംശയങ്ങൾക്ക് ഉത്തരങ്ങൾ ഉൾപ്പെടെ ശ്രദ്ധേയമായ പല കൂട്ടിച്ചേർക്കലുകൾ പുതിയ പതിപ്പിലുണ്ട്. സഭാഭരണഘടനയ്ക്കുള്ളിൽ നിന്നുകൊണ്ട് ഇടവകഭരണം എങ്ങനെ നിർവഹിക്കാം എന്ന ചെങ്ങന്നൂരിന്റെ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ ശ്രദ്ധേയമായ കൈപ്പുസ്തകം, സഭാചരിത്രകാരനായ ഡോ. എം. കുര്യൻ തോമസ്, സഭാചരിത്ര ഗവേഷകനും സഭാഭരണഘടനാ പഠിതാവുമായ വർഗീസ് ജോൺ തോട്ടപ്പുഴ എന്നിവരുടെ സുപ്രധാന ലേഖനങ്ങൾ എന്നിവ അനുബന്ധത്തിൽ.

456 പേജുകൾ, വില: 350 രൂപ

രജിസ്റ്റേർഡ് തപാലിൽ പുസ്തകം വീട്ടിൽ ലഭിക്കുവാൻ ബന്ധപ്പെടുക.

Joice Thottackad, Sophia Books, Kottayam 686001
Mobile/WhatsApp 7012270083



കോട്ടയം ഓർത്തഡോക്സ് സെമിനാരിയിൽ പുതിയ അദ്ധ്യയന വർഷാരംഭത്തോട് അനുബന്ധിച്ചു നടത്തിയ വിശുദ്ധ കുർബ്ബാനയ്ക്കും, കൂദാശയ്ക്കും വൈദിക സെമിനാരി വൈസ് പ്രസിഡന്റ് അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ മുഖ്യ കാർമികത്വം വഹിച്ചു.



ബാലസമാജം കുന്നംകുളം ഭദ്രാസന കലാമേള 2024 മരത്തംകോട് ബ്ളൂമിംഗ് ബഡ്സ് ബെഥാന്യ വെള്ളിത്തിരുത്തി സ്കൂളിൽ വെച്ച് നടന്നു. ഡോ. ഗീവർഗീസ് മാർ യൂലിയോസ് ഉദ്ഘാടനം ചെയ്തു.

A TRANSFORMATIVE JOURNEY: COLT 2024 AT THE OLD SEMINARY, KOTTAYAM

Jini Job, Merlin Moncy, Sanjay Biju

From May 19-26, 2024, the Old Seminary in Kottayam hosted 41 youngsters for the Camp for Orthodox Leadership Training (COLT). What began as a brief escape quickly turned into a profound, soul-rejuvenating experience that reignited our faith.



Rediscovering Faith

In the corporate world, we often feel disconnected from our families, friends, ourselves, and even God. Life becomes an endless cycle of numbers and screens. For Orthodox youth outside Kerala, faith is often confined to Sunday School books, leaving us yearning for deeper knowledge. COLT was the remedy, helping us reconnect with our roots and replenish our spirits.

Immersed in History and Spirituality

COLT 2024 brought young Orthodox Christians from across India together to explore Kerala's historic churches and monasteries. Each place told a unique story, immersing us in the rich tapestry of Orthodox history and spirituality. This journey, more than sightseeing; it was an inspiring connection to our enduring legacy, bringing the past to life in ways we never experienced.

Engaging Sessions

What set the camp apart were the comprehensive sessions led by passionate speakers like H.G. Dr. Yuhanon Mar Meletius, Rev. Fr. KM George, Rev. Fr. Reji Mathew, Rev. Fr. Bijesh Philip, and Rev. Fr. Rijo Geevarghese. These in-depth lessons, full of engaging discussions and interactive activities, made complex topics accessible and relatable. Under the mentorship of Rev. Fr. Philip Kuruvilla and Bibi Kochamma, we spent seven days not just learning, but seeking to transform ourselves. Our interaction with His Holiness at Devalokam was a highlight that left a lasting impression.

Building Fellowship

A cherished aspect of the camp was the space it created for open debate and discussions. The environment fostered fellowship that grew quickly through shared experiences, stories, and laughter. Friendships were forged in an atmosphere that was both intellectually stimulating and fun.

Spiritual Solace

The tranquil mornings and evenings at the Sophia Center Chapel were the pinnacle of COLT 2024. Meditating, praying, and singing hymns together, surrounded by the sound of falling rain and lush nature, provided a serene backdrop for our soul-searching endeavours.

Beyond a Getaway

COLT 2024 was more than just a getaway; it was a journey of discovery and connection. It left each of us with stories to tell and a deep sense of belonging that extends far beyond our days at the camp. The time spent wasn't just about camping; it was an investment in our souls, leaving us enriched and transformed.



കുണ്ടറ ബസീലിയ ഓർത്തഡോക്സ് സെന്ററിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടഎസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർഥികൾക്കുള്ള അനുമോദനം ഡോ. യൂഹാനോൻ മാര് ദിയസ്കോറോസ് ഉദ്ഘാടനം ചെയ്തു.